പഞ്ചവാദ്യ കലപതി കുഴൂർ നാരായണമാരാർക്ക് സ്മാരകമായി വാദ്യകലാ കേന്ദ്രം

101 (3069) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവാദ്യകലപതി പത്മശ്രീ കുഴൂർ നാരായണമാരാരുടെ സ്മാരകമായി കൊരട്ടി ഗ്രാമപഞ്ചായത്തിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിനായി കുഴൂർ നാരായണമാരാർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സ്ഥലം ലഭ്യമാക്കുമെന്ന ഉറപ്പ് ലഭിച്ച സാഹചര്യത്തിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിനായി അനുമതി നൽകുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) പത്മശ്രീ കുഴൂർ നാരായണമാരാരുടെ പേരിൽ പഞ്ചവാദ്യ കലാകാരന്മാർക്ക് പ്രത്യേകമായി പുരസ്കാരം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ കേരള കലാമണ്ഡലത്തിന് നൽകിയ നിർദ്ദേശം നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ കലാമണ്ഡലമോ, സർക്കാരോ തുടർന്ന് സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(സി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കുഴൂർ നാരായണമാരാരുടെ സ്മാരകമായി കൊരട്ടിയിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിന് കുഴൂർ നാരായണമാരാർ ഫൗണ്ടേഷൻ ലഭ്യമാക്കാ മെന്നറിയിച്ചിട്ടുള്ള സ്ഥലം സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുവാൻ കൊരട്ടി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) കുഴൂർ നാരായണമാരാരുടെ പേരിൽ പഞ്ചവാദ്യ കലാകാരൻ മാർക്ക് പ്രത്യേക സംസ്ഥാന പുരസ്കാരം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സപ്ലസ്വരകേന്ദ്രം

102 (3070) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സപ്തഭാഷാസംഗമഭൂമിയായ കാസർഗോട്ടെ വിവിധ ജനവിഭാഗങ്ങളെയും സംസ്കാരങ്ങളെയും സമന്വയിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച സപ്തസ്വര കേന്ദ്രവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ ; എങ്കിൽ ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly